ശേഷി ഉപയോഗിച്ച് പുതുമകൾ തീർക്കുകയും പുതിയ കാര്യങ്ങൾ കണ്ടെത്തുകയും ചെയ്യു മ്പോൾ യഥാർത്ഥത്തിന്റെ, ദൈവജ്ഞാനത്തിന്റെ പ്രകാശനമായിട്ടാണ് അതു മാറുന്നത്. അതിനാൽ തന്നെ അദ്ധ്വാനിക്കുവാൻ വിസമ്മതിക്കുന്നവൻ ദൈവത്തിന്റെ സൃഷ്ടികർമ്മത്തിൽ പങ്കുചേരുവാനും പുനഃസൃഷ്ടി നടത്തുവാനുമുള്ള അനുവാദത്തിൽ നിന്നുമാണ് മാറി നിൽക്കുന്നത്. അങ്ങയുടെ ജ്ഞാനത്തിന്റെ പ്രവൃത്തികൾ നിഷ്ഫലമാകരുതെന്നത് അങ്ങയുടെ ഹിതമാണ് (ജ്ഞാനം 14, 5). ദേവാലയ നിർമ്മാണത്തിലും നോഹയുടെ പേടകനിർമ്മാണത്തിലും നേരിട്ടിടപെടുന്ന ദൈവം ഇന്നും മനുഷ്യന്റെ അദ്ധ്വാനത്തിനു പിന്നിൽ അദൃശ്യശക്തിയായി നിലകൊള്ളുന്നു എന്നുവേണം കരുതുവാൻ.

അദ്ധ്വാനം പരസ്പരം ബഹുമാനിക്കേണ്ട വേദി കൂടിയാണ്. ‘അനീതിയുടെ മുകളിൽ കൊട്ടാരം പണിയുകയും അന്യായത്തിനു മുകളിൽ മട്ടുപ്പാവു നിർമ്മിക്കുകയും അയൽക്കാരനെ കൊണ്ടു ജോലി ചെയ്യിച്ചിട്ട് പ്രതിഫലം നൽകാതിരിക്കുകയും ചെയ്യുന്നവൻ ശപ്തൻ (ജെറ. 22, 13) ചെയ്യുന്ന ജോലിക്ക് തനതായൊരു നീതിയും മാന്യതയും ഉണ്ട്. അന്യായമായ മാർഗ്ഗത്തിലൂടെ സ്വരൂപിക്കപ്പെടുന്നതൊന്നും അദ്ധ്വാനഫലമായി കരുതാനാവില്ല. ജോലി ചെയ്യുന്നവനിൽനിന്നും സ്വാർത്ഥ ലാഭത്തോടെ സ്വന്തമാക്കുന്നവയും കരുതലായി മാറുകയുമില്ല. അദ്ധ്വാനത്തിനു പിന്നിലെ വിശുദ്ധിയേയും അപരന്റെ വിയർപ്പിനെയും ഒരുപോലെ ബഹുമാനിച്ച് ആദരിക്കേണ്ടിയിരിക്കുന്നു. ഒരു സാധാരണ തൊഴിലാളിയുടെ മകനായി വളരുകയും അദ്ധ്വാനിക്കുന്നവരെ ചേർത്തു നിർത്തുകയും ചെയ്ത ക്രിസ്തു തൊഴിലിന്റെ മഹത്വം വാനോളം ഉയർത്തി. സ്വന്തം കൈ കൊണ്ടു ജോലി ചെയ്യുന്നതിൽ അഭിമാനിക്കുന്ന പൗലോസ് അപ്പോസ്തലൻ (അപ്പ. 18, 3) അദ്ധ്വാനം അഭിമാനകരമായ കാര്യമാണെന്നു വെളിപ്പെടുത്തി. എന്തു ചെയ്യുന്നു എന്നതിലല്ല എങ്ങനെ ചെയ്യുന്നു എന്നതാണ് പ്രധാന്യം. എന്തു നേടുന്നു എന്നതല്ല നേട്ടത്തിനുപിന്നിലെ ദൈവമഹത്വമാണ് ലക്ഷ്യം. എല്ലാത്തിനേയും തീരുമാനിച്ചവൻ സർവ്വതിനേയും സമാദരിക്കുന്നു. ദൈവം വിശുദ്ധമെന്നു പറഞ്ഞതിനെ നാം നിക്ഷേധിക്കാതിരിക്കുകയാണ് വേണ്ടത്. ❐

All Correspondence and the matters to be published in
THE LIGHT OF COCHIN may be addressed to:

**The Editor**
**The Light of Cochin**
**Bishop's House, Fort Cochin- 682 001.**



# The Light of Cochin

## COCHIN DIOCESAN BULLETIN

*Patron*
**Rt. Rev. Dr. John Thattumkal**
Bishop of Cochin

*Editor*
**Rev. Fr. Antony Thamby Thaikkoottathil**

*Circulation Manager*
**Rev. Fr. Xavier Chiramel**

**Vol. XXXVII** **MAY 2008** **No. 5**

**ഈ ലക്കത്തിൽ** **പേജ്**

| | |
|---|---|
| പിതാവ് നമ്മോട് | 03 |
| പത്രാധിപക്കുറിപ്പ് | 05 |
| സർക്കുലർ | 06 |
| Appointments | 20 |
| St. John's National Academy of Health Sciences | 22 |
| പി.ഒ.സിയിൽ ദൈവശാസ്ത്രകോഴ്സ് 2008 - 09 | 23 |
| സെമിനാരി ഫണ്ട് | 24 |
| രൂപതാ വാർത്തകൾ | 27 |
| Bishop's Diary | 29 |
| പിന്നാമ്പുറം | 30 |

(For Private Circulation only)

Blank





പിതാവ് നമ്മോട്

# “അമ്മയില്ലാതെ സ്നേഹമില്ല”

“അമ്മ” എന്ന പദം നമ്മുടെയൊക്കെ മനസിൽ കോറിയിടുന്ന വൈകാരികത അത് സ്നേഹത്തിന്റേതാണ്. വാത്സല്യത്തിന്റേതാണ്. “അമ്മയില്ലാതെ സ്നേഹമില്ല”. “അമ്മയില്ലാതെ ഐശ്വര്യമില്ല”. ഇങ്ങനെ വാഴ്ത്തുന്ന ഒത്തിരി അവദാനങ്ങൾ കേരള കരയിലുണ്ട്. ഒരുവൻ അമ്മയുടെ സ്നേഹത്തിലേക്ക് നടന്നടുക്കുന്നത് അമ്മയുടെ അമ്മിഞ്ഞ പാൽ നുകർന്നുകൊണ്ടുതന്നെയാണ്. ഈ മെയ് മാസ കാലം നാം പരിശുദ്ധ അമ്മയെ ഓർക്കുകയും വണക്കം ആചരിക്കുകയും ചെയ്യുന്ന മാസമാണല്ലോ.

കത്തോലിക്കാ തിരുസഭയ്ക്ക് എന്നും താങ്ങായി, തണലായി നിൽക്കുന്നത് പരിശുദ്ധ മറിയത്തിന്റെ സാന്നിധ്യമാണ്, മാധ്യസ്ഥമാണ്. കാനായിലെ കല്ല്യാണവിരുന്നിനെ അനുഗ്രഹിച്ചതും, ക്രിസ്തുവിന്റെ ആദ്യത്തെ അത്ഭുതം പ്രകടമാക്കിയതും അമ്മയുടെ സാന്നിധ്യത്തിൽതന്നെയാണ്. അമ്മയോടുള്ള വണക്കം നമ്മുടെയൊക്കെ വീടുകളിൽ പുതിയ ഉണർവിന് വഴി തെളിക്കും. അമ്മയോടൊത്ത് പ്രാർത്ഥിക്കുക, ധ്യാനിക്കുക എന്നത് അനുഗ്രഹത്തിന്റെ നിമിഷങ്ങളാണ്. പരിശുദ്ധ അമ്മയോടൊത്ത് ക്രിസ്തു ശിഷ്യൻ സഞ്ചരിക്കുമ്പോൾ അവൻ നിരന്തരം സ്നേഹിക്കുകയാണ്. സ്നേഹിക്കുക എന്നാൽ ജീവിതത്തിലായിരിക്കുക എന്നതാണ്. അമ്മയോടൊത്ത് ക്രിസ്തുവിനെ സ്വജീവിതത്തിൽ സ്വീകരിക്കുമ്പോൾ സ്വർഗ്ഗീയമായ ജീവിതത്തിലേക്ക് തന്നെയാണ് ക്രിസ്തുശിഷ്യൻ നടന്നടുക്കുന്നത്.

ഒരുവൻ ക്രിസ്തുവിനെ സ്നേഹിക്കുക എന്നാൽ ക്രിസ്തു പറഞ്ഞ വചനം പാലിക്കുക എന്നർത്ഥം. പരിശുദ്ധ കന്യകാ മറിയം തന്നെതന്നെ ദൈവത്തിന് സമർപ്പിച്ചത് ജീവിതത്തെ ദൈവത്തിനു മുമ്പിൽ അടിയറവു പറഞ്ഞുകൊണ്ടാണ്. ഒപ്പം; കർത്താവ് പറഞ്ഞ കാര്യങ്ങൾ നിറവേറുമെന്നു വിശ്വസിക്കുകയും, ദൈവത്തെ അനുസരിക്കുകയും ചെയ്തു. അതു വഴി മറിയം ഭാഗ്യവതിയായി - ലോകത്തിനു മുമ്പിലും, ദൈവത്തിനു മുമ്പിലും.

ഓരോ ക്രിസ്തുശിഷ്യനും ഭാഗ്യവാനും, ഭാഗ്യവതിയുമാണ്. എങ്ങനെയാണ് ദൈവവചനം പാലിക്കുന്നതുവഴി, കൂദാശകൾ വിശുദ്ധിയോടുകൂടി പരികർമ്മം ചെയ്യുന്നതുവഴി, നിരവധി ഭക്ത കൃത്യങ്ങൾ ആത്മാർത്ഥതയോടെ ചെയ്യുന്നതുവഴി. പരിശുദ്ധ അമ്മ നമ്മുടെ മുമ്പിൽ ഭാഗ്യവതിയായി എല്ലാവരുടെയും അമ്മയായി വിരാചിക്കുമ്പോൾ നമ്മുക്കും ചോദിക്കാം. അമ്മേ, അമ്മയുടെ മാധ്യസ്ഥം ഞങ്ങൾക്കും നൽകണമേ. ഈ മെയ് മാസ വണക്കത്തിൽ അമ്മേ ഞങ്ങളോടൊത്ത് ഉണ്ടായിരിക്കണമേ.

**✠ ജോൺ തട്ടുങ്കൽ**







## പത്രാധിപക്കുറിപ്പ്

# ലൂക്ക 4: 18 – 19 പ്രകടനപത്രിക

**യേ**ശു തന്റെ ദൗത്യനിർവ്വഹണത്തിനു മുമ്പായി നസ്രത്തിലെ സിനഗോഗിൽവച്ച് പരിത്രാണപദ്ധതിയായ ദൈവരാജ്യത്തെക്കുറിച്ചുള്ള ഇസ്സയാസ് ദീർഘദർശിയുടെ പ്രവചനമാണ് പുരോഹിത ദൈവവിളിയുടെ കാതൽ.

തിരുപ്പട്ടം വഴി പരിശുദ്ധാത്മ വർഷത്താൽ പൗരോഹിത്യത്തിലേയ്ക്ക് ഉയർത്തപ്പെട്ടിരിക്കുന്ന എല്ലാ വൈദികരും കൗദാശികമായി സാഹോദര്യത്തിൽ ആഴത്തിൽ പരസ്പരം ബന്ധിതരാകുന്നു. ഓരോരുത്തരും വിവിധ ധർമ്മങ്ങൾവഴി രൂപതയെ പടുത്തുയർത്തുകയും യേശുവിന്റെ ശരീരം കരുപ്പിടിപ്പിക്കുകയുമാണ് ചെയ്യുക. വൈദിക ശുശ്രൂഷ മനുഷ്യർക്കുവേണ്ടിയായതിനാൽ കാലോചിതമായ ജ്ഞാനവിജ്ഞാനങ്ങൾ ആർജ്ജിച്ച് കളങ്കരഹിതരും, സംസ്ക്കാരസമ്പന്നരും സംസ്ക്കാരശുചിയുള്ളവരുമായിരിക്കണം. പക്ഷെ സഭയിലെ ബാഹ്യവും ആഭ്യന്തരവുമായ കാര്യങ്ങൾ ഒട്ടുംതന്നെ ഇന്നു അഭികാമ്യമായ സ്ഥിതിയിലല്ല. ആധുനികലോകത്തിന്റെ മാസ്മരശക്തിക്കു പുറമേ, യുവജനങ്ങളുടെ കീഴ്വഴക്കമില്ലാത്ത പെരുമാറ്റം, വൈരാഗ്യബുദ്ധി, ചേരിതിരിഞ്ഞുള്ള പോരാട്ടങ്ങൾ, ഗ്രൂപ്പുതിരിഞ്ഞുള്ള തേർവാഴ്ചകൾ, വർഗ്ഗീയത, പക്ഷംചേർന്നുള്ള ഒറ്റപ്പെടുത്തൽ, റീത്തുതർക്കങ്ങൾ വൈദികരുടെ താളം തെറ്റിയുള്ള ചുവടുവെയ്പുകൾ, ഹയരാർക്കിയോട് വൈദികസംഘങ്ങളിൽനിന്നും ഒളിഞ്ഞും തെളിഞ്ഞും നേരിടേണ്ടിവരുന്ന ഏറ്റുമുട്ടലുകൾ ഇതെല്ലാം ദൈവവിളിക്ക് വിഘാതമായ, ദുഃഖകുലമാക്കുന്ന വസ്തുതകളാണ്.

മതത്തിന്റെ ചട്ടക്കൂടിൽനിന്നു പുറത്തു ചാടാൻ ശ്രമിക്കുന്നവരും, മതത്തെത്തന്നെ തച്ചുടയ്ക്കുവാനും കഠിനാദ്ധ്വാനം നടത്തുന്നവരും, ലോകായതികന്മാരും, ചൂഷകരും, മുതലാളിത്വത്തിന്റെയും, അധികാരത്തിന്റെയും, ഹുങ്ക് തലയ്ക്കുപിടിച്ച് വിറളിപിടിച്ചുനടക്കുന്നവരും സഭയെ ഇന്നു വെല്ലുവിളിക്കുന്ന മനുഷ്യശക്തികളാണ്. ദൈവത്തെ മാറ്റിയിട്ട്, മനുഷ്യനെ പ്രതിഷ്ഠിക്കുവാൻ സിദ്ധാന്തങ്ങളുടെ ചുവടുപിടിച്ച് മനുഷ്യത്വത്തെ അളക്കുന്നവരും ദൈവത്തെയും മതത്തെയും ഉപജീവനമാർഗ്ഗമായി കാണുന്നവരും ഇന്നു സമൂഹത്തിലുപരിയായി സഭയിലുമുണ്ട്.

വിശ്വാസ സത്യങ്ങളെയും ധാർമ്മിക നിയമങ്ങളെയും ലാഘവബുദ്ധിയോടെ വീക്ഷിച്ച് മാർപ്പാപ്പയെയും, മെത്രാന്മാരെയും അവരുടെ പ്രബോധനാധികാരങ്ങളായ ചാക്രികലേഖനങ്ങളെയും, ഇടയലേഖനങ്ങളെയും വിമർശിക്കുവാൻ സാഹസികത കാട്ടുന്ന ഉപരിപ്ലവ ബുദ്ധിജീവികളും ആധുനികതയുടെ ലേബലുകളാണ്.

അസൻമ്മാർഗ്ഗികത, വ്യഭിചാരം, സുഖലോലുപത്യം, ബാഹ്യലോക-മായാവലയ- വ്യാമോഹങ്ങൾ, അസുതാര്യത, ദുശ്ചിന്തകൾ, ഭോഗാസക്തി, അഹങ്കാരം, വിഷലിപ്തമായ സാമൂഹ്യസമ്പർക്കങ്ങൾ, ഇവയെല്ലാം സമൂഹത്തിനെന്നപോലെ വൈദികാന്തസ്സിനെയും ബാധിക്കുന്നുണ്ട്. ഇവയെല്ലാം വൈദികരുടെ വ്രതവാഗ്ദാനങ്ങളുടെനേരെയുള്ള വെല്ലുവിളികളാണ്. കണ്ണടച്ച് ഇരുട്ടാക്കിയിട്ട് എന്തുനേട്ടം, ധീരതയോടെ നേരിടുകതന്നെ വേണം. എങ്ങിനെ ??? ലൂക്ക 4:18–19ലൂടെ.

**എഡിറ്റർ**

**സർക്കുലർ**
1/LP/2008

# ദൈവവിളിദിനം ഏപ്രിൽ 13

**സാ**ർവ്വത്രിക സഭ ഇന്ന് ദൈവവിളി ദിനമായി ആചരിക്കുകയാണ്. ഉത്ഥിതനായ യേശു തന്റെ സ്വർഗ്ഗാരോഹണത്തിനു മുമ്പായി ശിഷ്യന്മാർക്ക് പ്രത്യക്ഷപ്പെട്ടുകൊണ്ട് തന്റെ ദൗത്യം അവരെ ഏല്പിക്കുന്നതായി സുവിശേഷത്തിൽ നാം വായിക്കുന്നുണ്ട്. (മത്തായി 28:18–20) അവർക്ക് തന്റെ ശക്തിയായ പരിശുദ്ധാത്മാവിനെ നൽകുകയും, (ലൂക്ക24, 48–49) തന്റെ അധികാരങ്ങൾ (മത്തായി 9:12) പങ്കുവയ്ക്കുകയും ചെയ്യുന്നുണ്ട്. യുഗാന്ത്യം വരെ തന്റെ ദൗത്യം തുടർന്നു കൊണ്ടുപോകുവാനുള്ള ഉത്തരവാദിത്വമാണ് യേശു താൻ തിരഞ്ഞെടുത്ത ശിഷ്യന്മാർക്ക് നൽകുന്നത്. ഇത് ഓരോ ക്രിസ്തുശിഷ്യന്റെയും ഉത്തരവാദിത്വമാണ്. ഓരോ ക്രൈസ്തവനും, യേശുവിനെ അടുത്തറിഞ്ഞുകൊണ്ട് അവിടുത്തെ വചനങ്ങൾക്ക് തങ്ങളുടെ ജീവിതത്തിലൂടെ സാക്ഷ്യം നൽകേണ്ടവനാണ്. ഇത് ജ്ഞാനസ്നാനത്തിലൂടെ പുതുജന്മംകൊണ്ട് യേശുവിന്റെ ശിഷ്യഗണത്തിലുൾപ്പെടുന്ന എല്ലാ മനുഷ്യരുടെയും കടമയാണ്.

എന്നാൽ ഈ ദൗത്യം പ്രത്യേകമായ രീതിയിൽ തുടർന്നുകൊണ്ടുപോകുവാൻ ചിലരെ തിരഞ്ഞെടുത്ത് ഒരുക്കുന്നതായും സുവിശേഷങ്ങളിൽ നാം വായിക്കുന്നുണ്ട്. തനിക്കുമുമ്പേ സുവിശേഷ സന്ദേശം അറിയിക്കുന്നതിനായി 72 പേരെ തിരഞ്ഞെടുക്കുകയും വേണ്ട ഉപദേശങ്ങളും നിർദ്ദേശങ്ങളും നൽകി അയക്കുന്നു. (ലൂക്കാ 10:1–12). തന്റെ കൂടെ ആയിരിക്കുന്നതിനും അയക്കപ്പെടുന്നതിനുമായി പന്ത്രണ്ടുപേരെ പ്രത്യേകം തിരഞ്ഞെടുക്കുന്നതും സുവിശേഷത്തിൽ നാം കാണുന്നുണ്ട്.





(ലൂക്കാ 6: 12–16) തന്റെ ഉപകരണമായി പ്രവർത്തിക്കുന്നതിനായി സാവൂളിനെ, മാനസാന്തരപ്പെടുത്തി പൗലോസായി രൂപാന്തരപ്പെടുത്തുന്നതും നടപടി പുസ്തകത്തിൽ നാം വായിക്കുന്നു. (നടപടി 9:1–9) ഇതൊക്കെ സൂചിപ്പിക്കുന്നത് തന്റെ ദൗത്യം തുടർന്നുകൊണ്ടുപോകുവാൻ എല്ലാ യേശു ശിഷ്യന്മാർക്കും ഉത്തരവാദിത്വം ഉണ്ടെങ്കിലും ചിലരെ, അവിടുന്ന് പ്രത്യേകം തിരഞ്ഞെടുക്കുകയും, തന്റെ സ്വന്തമാക്കുകയും ചെയ്യുന്നു എന്നതാണ്. ഈ പ്രവർത്തനം ഇന്നും സഭയിലൂടെ തുടർന്നുകൊണ്ടിരിക്കുന്നു.

വിശുദ്ധരായ അനേകം വിദേശ മിഷനറിമാരുടെ ത്യാഗപൂർണ്ണമായ പ്രവർത്തനത്തിന്റെ ഫലമാണ് 450 വർഷം ആഘോഷിച്ച നമ്മുടെ രൂപതയുടെ വിശ്വാസം. അവരുടെ ത്യാഗപൂർണ്ണമായ പ്രവർത്തനങ്ങൾ തുടർന്നുകൊണ്ടുപോകേണ്ടത് നമ്മുടെ ഉത്തരവാദിത്വമാണ്. നമുക്ക് ലഭിച്ച വിശ്വാസവെളിച്ചം മറ്റുള്ളവർക്ക് പകർന്നു കൊടുക്കുവാനുള്ള കടമ നമുക്കുണ്ട്. ഇന്ന് ഭാരതസഭയുടെ വിവിധ രൂപതകളിൽ നിന്നും വിദേശത്തുനിന്നുപോലും മിഷനറി വൈദികരെ ആവശ്യപ്പെടുന്നുണ്ട്. യേശുവിന്റെ സുവിശേഷത്തിനുവേണ്ടി ത്യാഗപൂർവ്വം സ്വയം സമർപ്പിക്കുവാൻ സന്നദ്ധരായവരെ സഭയ്ക്ക് ഇന്ന് ആവശ്യമുണ്ട്. നമ്മുടെ യുവതീയുവാക്കന്മാരുടെ ദൈവവിളിയെ തിരിച്ചറിയുകയും പ്രോത്സാഹിപ്പിക്കുയും ചെയ്യേണ്ടത് നമ്മുടെ ഓരോരുത്തരുടെയും ദൗത്യമാണ്. അത് ഇന്നിന്റെ ഒരാവശ്യം കൂടിയാണ്.

ഇത്തരുണത്തിൽ ദൈവവിളിയെ പ്രോത്സാഹിപ്പിക്കുന്നതിൽ മാതാപിതാക്കന്മാരുടെ പങ്ക് വളരെ പ്രാധാന്യമർഹിക്കുന്ന ഒന്നാണ് എന്ന് ഓർമ്മിപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. പ്രാർത്ഥനാ ചൈതന്യമുള്ള കുടുംബങ്ങളിൽ നിന്നാണ് ദൈവവിളികൾ ഉണ്ടാകുന്നത്. ആയതുകൊണ്ട് നമ്മുടെ കുടുംബങ്ങളിൽ പ്രാർത്ഥനാ ചൈതന്യം നിലനിർത്തേണ്ടത് വളരെ ആവശ്യമുള്ള ഒന്നാണ്. യേശുവിനുവേണ്ടി തന്റെ ജീവിതം സമർപ്പിക്കുവാനുള്ള ഒരാളുടെ താല്പര്യം, ദൈവത്തോടുള്ള അയാളുടെ

പ്രത്യുത്തരമായി മനസ്സിലാക്കുവാൻ സാധിക്കണം. നമ്മുടെ ആഗ്രഹാഭിലാഷങ്ങൾക്കപ്പുറമായി ദൈവഹിതവും അവിടത്തെ ഇടപെടലുകളും നാം തിരിച്ചറിയണം. അപ്പോൾ മാത്രമേ അവരെ പ്രോത്സാഹിപ്പിക്കുവാൻ സാധിക്കൂ! ദൈവം സാമുവേലിനെ വിളിക്കുമ്പോൾ, സാമുവേൽ ഏലിയുടെ പക്കലേക്കാണ് പോകുന്നത്. - ദൈവമാണ് ആ ബാലനെ വിളിക്കുന്നത് എന്ന തിരിച്ചറിവ് സാമുവേലിനു കൊടുക്കുന്നത് ഏലിയാണ്. (1 സാമുവേൽ 3:1-18)

ദൈവത്തിന്റെ തിരഞ്ഞെടുപ്പ് മാനുഷികമായ മാനദണ്ഡങ്ങൾക്ക് അതീതമാണ്. അതിലുപരി അവിടുന്ന് മാനുഷിക മാനദണ്ഡങ്ങൾ പരിഗണിക്കുന്നതേയില്ല. ദൈവത്തിന്റെ തിരഞ്ഞെടുപ്പ് നമ്മുടെ ചിന്തകൾക്കും കണക്കു കൂട്ടലുകൾക്കും അതീതമാണ്. പഴയ നിയമത്തിൽ ജെസ്സെ തന്റെ മക്കളിൽ മുതിർന്നവരെയാണ് സാമുവേലിന്റെ മുമ്പിലേക്ക് കൊണ്ടുവരുന്നത്. പക്ഷെ ദൈവം സാമുവേലിലൂടെ തിരഞ്ഞെടുക്കുന്നത് ബാലനായ ദാവീദിനെയാണ്. (I സാമുവേൽ 16:1-13) പിന്നീട് ബാലനായ ദാവീദാണ് മല്ലനായ ഗോലിയാത്തിനെ നേരിടുന്നതും വിജയിക്കുന്നതും, ഇസ്രേയേലിനെ രക്ഷിക്കുന്നതും. ഇസ്രേയേലിന്റെ വിമോചകനാകുവാൻ ദൈവത്താൽ മോശ നിയോഗിക്കപ്പെടുമ്പോൾ, പലവിധത്തിലുള്ള ന്യായവാദങ്ങളും നിരത്തിക്കൊണ്ട് മോശ ഒഴിയുവാൻ ശ്രമിക്കുന്നുണ്ട്. (പുറപ്പാട് 3:1-4:17) പക്ഷെ മോശയെ ദൈവം ശക്തനാക്കുകയും തന്റെ ദൗത്യനിർവ്വഹണത്തിനായി നിയോഗിക്കുകയും ചെയ്യുന്നു. ഒരുവന്റെ ദൈവവിളിയുടെ മാനദണ്ഡം അവനെപ്പറ്റിയുള്ള ദൈവഹിതം ഒന്നുമാത്രമാണ്. ആ ദൈവഹിതം മനസ്സിലാക്കി പ്രവർത്തിക്കുകയാണ് ഓരോരുത്തന്റെയും ദൗത്യം. ആ ദൈവഹിതം മനസ്സിലാക്കുവാൻ സഹായിക്കേണ്ടത് നമ്മുടെ ഓരോരുത്തരുടെയും കടമയാണ്. ഇതിൽ മാതാപിതാക്കന്മാരുടെ പങ്ക് ശ്രദ്ധേയമാണ്.

നമ്മുടെ കുടുംബങ്ങളിൽ നിന്നും ഒരാളെ ദൈവം തന്റെ ശുശ്രൂഷയ്ക്കായി തിരഞ്ഞെടുക്കപ്പെടുന്നത് ഒരു വലിയ ദാനമായി





കാണുവാനും അതിൽ അഭിമാനിക്കുവാനും മാതാപിതാക്കന്മാർക്ക് കഴിയണം. ദൈവം തനിക്ക് യോഗ്യരെന്നു തോന്നുന്നവരെയാണ് തിരഞ്ഞെടുക്കുന്നത്. ദൈവം തിരഞ്ഞെടുത്തവരെ, സന്തോഷപൂർവ്വം പ്രോത്സാഹിപ്പിക്കുവാനും, ത്യാഗപൂർവ്വം സമർപ്പിക്കുവാനും കഴിയണം. - തിരഞ്ഞെടുക്കപ്പെട്ടവനിലൂടെ ദൈവം തീർച്ചയായും അവന്റെ കുടുംബത്തെയും സമൂഹത്തെയും അനുഗ്രഹിക്കും എന്നതും നാം ഓർക്കണം.

പ്രിയ യുവതീയുവാക്കന്മാരെ, നിങ്ങളുടെ ജീവിത ലക്ഷ്യത്തെപ്പറ്റി ചിന്തിക്കുവാനും തീരുമാനമെടുക്കുവാനുമുള്ള ഉത്തരവാദിത്വം നിങ്ങളിൽ കുടികൊള്ളുന്നു. നമ്മുടെ ജീവിത വിജയം കുടികൊള്ളുന്നത്, ദൈവഹിതത്തോടുചേർന്ന് പ്രത്യുത്തരിക്കുമ്പോഴാണ്. നിങ്ങളെക്കുറിച്ചുള്ള ദൈവഹിതം മനസ്സിലാക്കുവാനും അത് പ്രാവർത്തികമാക്കുവാനും നിങ്ങൾക്ക് സാധിക്കണം. പ്രതിബന്ധങ്ങൾ നിരവധി ഉണ്ടായേക്കാം. ചിലപ്പോൾ ദൈവിക ശബ്ദം അവ്യക്തമായേക്കാം. നിങ്ങളെ ദൈവം വിളിക്കുന്നതായി തോന്നുന്നെങ്കിൽ, പ്രാർത്ഥനാപൂർവ്വം ഒരുങ്ങുക. യേശു നിന്നെ വിളിക്കുന്നു. നിന്നെ യേശുവിന് ആവശ്യമുണ്ട്. ഇന്ന് നിന്നെ സഭയ്ക്ക് ആവശ്യമുണ്ട്.

ദൈവഹിതം തിരിച്ചറിഞ്ഞ് സമർപ്പണത്തിന്റെ പാതയിലൂടെ ചരിക്കുന്നവരെ സഹായിക്കുവാൻ സഭാംഗങ്ങളായ നമുക്ക് ഏവർക്കും കടമയുണ്ട്. പ്രാർത്ഥനാ ചൈതന്യവും വിശുദ്ധിയുമുള്ള സഭാ ശുശ്രൂഷകരെ സഭയ്ക്ക് പ്രദാനം ചെയ്യുന്നതിനായി നിരന്തരം പ്രാർത്ഥിക്കണം. ഇത്തരുണത്തിൽ നമ്മുടെ വൈദികർക്കും സന്യസ്തർക്കും വൈദിക വിദ്യാർത്ഥികൾക്കും വേണ്ടി പ്രാർത്ഥിക്കുവാൻ നിങ്ങളെ ഞാൻ ആഹ്വാനം ചെയ്യുന്നു. നമ്മുടെ രൂപതയ്ക്കുവേണ്ടി വിവിധ സ്ഥലങ്ങളിലായി 79 യുവാക്കന്മാർ വൈദിക പരിശീലനത്തിൽ ഏർപ്പെട്ടിരിക്കുന്നു എന്ന കാര്യം നിങ്ങളെ അറിയിക്കുവാൻ ആഗ്രഹിക്കുന്നു. ത്യാഗപൂർവ്വം തങ്ങളുടെ മക്കളെ ദൈവത്തിനായി സമർപ്പിച്ച അവരുടെ മാതാപിതാക്കന്മാരെ ഈ അവസരത്തിൽ നന്ദിപൂർവ്വം സ്മരിക്കുന്നു.

അവർക്കുവേണ്ടിയും അവരുടെ പരിശീലനത്തിൽ ഏർപ്പെട്ടിരിക്കുന്നവർക്കുവേണ്ടിയും പ്രാർത്ഥിക്കുവാൻ നിങ്ങളെ ഞാൻ ഓർമ്മിപ്പിക്കുന്നു.

കൂടാതെ വൈദിക വിദ്യാർത്ഥികളുടെ രൂപീകരണത്തിനായി സാമ്പത്തികമായി സഹായിക്കുന്ന ഏറെ പേരുണ്ട്. ഈ അവസരത്തിൽ അവരുടെ ഔദാര്യപൂർണ്ണമായ ത്യാഗത്തെ നന്ദിപൂർവ്വം ഓർക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നു. വിദേശത്തുനിന്നും വൈദിക രൂപീകരണത്തിനു കിട്ടിക്കൊണ്ടിരിക്കുന്ന സഹായം തീരെ ഇല്ലാതായി വരികയാണ്. നമ്മുടെ ഇടയിൽ സാമ്പത്തികമായി കഴിവുള്ളവർ ഈ ആവശ്യനിർവ്വഹണത്തിനായി മുന്നോട്ടുവരണമെന്നഭ്യർത്ഥിക്കുകയാണ്. കേരളത്തിലെ മറ്റു രൂപതകളിലുള്ളതുപോലെ ഒരു "സെമിനാരി ഫണ്ട്" നമ്മുടെ രൂപതയിലും ആരംഭിക്കുകയാണ്. ഈ ഫണ്ട് കൈകാര്യം ചെയ്യുന്നത് ബഹുമാനപ്പെട്ട സെമിനാരി റെക്ടറച്ചനായിരിക്കും. അച്ചനെ ഇതിനായുള്ള സഹായം ഏൽപ്പിക്കുവാൻ താല്പര്യപ്പെടുന്നു. അതാതു മാസങ്ങളിൽ കിട്ടുന്ന സംഭാവനകൾ Light of Cochin എന്ന രൂപതാ ബുള്ളറ്റിനിൽ പ്രസിദ്ധീകരിക്കുന്നതുമായിരിക്കും.

"വിളവധികം വേലക്കാരോ ചുരുക്കം" വിളവിന്റെ നാഥനോട് വേലക്കാരെ അയക്കുവാനായി പ്രാർത്ഥിക്കാം. ഈ ജീവിതാന്തസ്സ് സ്വീകരിക്കുന്നവരെ നമ്മുടെ പ്രാർത്ഥനയും പ്രോത്സാഹനവും വഴി സഹായിക്കാം. അങ്ങനെ യേശു നമ്മെ ഭരമേല്പിച്ച ദൗത്യം പൂർണ്ണമായും നിറവേറ്റുവാൻ നമുക്ക് ഒരുമിച്ച് ശ്രമിക്കാം. നമ്മെയും നമ്മുടെ കുടുംബങ്ങളെയും സർവ്വശക്തനായ ദൈവം പിതാവും പുത്രനും പരിശുദ്ധാത്മാവും ആശീർവദിച്ച് അനുഗ്രഹിക്കട്ടെ!

പ്രാർത്ഥനാപൂർവ്വം,

**✠ ജോൺ തട്ടുങ്കൽ**
കൊച്ചി മെത്രാൻ





**സർക്കുലർ**

# മെയ്ദിന സന്ദേശം - 2008

**അ**ദ്ധ്വാനിക്കുന്നവരുടേയും ഭാരം വഹിക്കുന്നവരുടേയും സമാശ്വാസമായ (മത്താ. 11:28) യേശുവിന്റെ നാമത്തിൽ എല്ലാ തൊഴിലാളി സഹോദരങ്ങൾക്കും മെയ് ദിനാശംസകൾ നേരുന്നു. തൊഴിലിന്റെ അന്തസ്സും മഹത്വവും നിലനിറുത്തുന്നതിനു വേണ്ടിയും, തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനു വേണ്ടിയും തൊഴിലാളി സമൂഹം നടത്തിക്കൊണ്ടിരിക്കുന്ന എല്ലാ പരിശ്രമങ്ങൾക്കും ഭാവുകങ്ങൾ ആശംസിക്കുകയാണ്.

ചരിത്രം കണ്ടിട്ടുള്ളതിൽ വച്ചു ഏറ്റവും വലിയ മാറ്റങ്ങളിലൂടെ കടന്നുപോകുന്ന കാലഘട്ടമാണിത്. ശാസ്ത്ര-വിജ്ഞാന വിസ്ഫോടനത്തിന്റെ ഫലമായി രൂപംകൊണ്ട വിവരസാങ്കേതിക വിദ്യയുടെയും ജൈവ സാങ്കേതിക വിദ്യയുടെയും സഹായത്തിൽ അത്ഭുതപൂർവ്വമായ പുരോഗതിയാണ് വിവിധ മണ്ഡലങ്ങളിൽ ഉണ്ടായിക്കൊണ്ടിരിക്കുന്നത്. പക്ഷെ ഈ വികസനത്തിന്റെ സദ്ഫലങ്ങൾ എല്ലാ രാജ്യങ്ങളിലേയ്ക്കും, രാജ്യങ്ങളിലെതന്നെ വിവിധ മേഖലകളിലേക്കും ജനവിഭാഗങ്ങളിലേക്കും വിതരണം ചെയ്യപ്പെടുന്നില്ല. സമ്പത്തും, സുഖസൗകര്യങ്ങളും ചില രാഷ്ട്രങ്ങളിലും രാഷ്ട്രങ്ങളിലെ തന്നെ ചില വിഭാഗങ്ങളിലേയ്ക്കുമായി ഒതുങ്ങുകയാണ്. ലോകത്തെമ്പാടുമുള്ള കോർപ്പറേറ്റുകളുടെ നെറ്റ് വർക്കിലാണ് ലോകസമ്പത്തിന്റെ ഭൂരിഭാഗവും സ്ഥിതിചെയ്യുന്നത്.

"റേരും നൊവാരും" ചാക്രീക ലേഖനത്തിൽ നാല്പതാം വർഷത്തിൽ ഭാഗ്യസ്മരണാർഹനായ പീയൂസ് പതിനൊന്നാമൻ പുറത്തിറക്കിയ ചാക്രീക ലേഖനത്തിൽ ഈ സ്ഥിതിവിശേഷത്തെ സംബന്ധിച്ച് വിവരിക്കുന്നുണ്ട്. "നമ്മുടെ ഈ കാലഘട്ടത്തിലേക്ക് ചുരുക്കം ചിലയാളുകളിൽ ധനം കുന്നുകൂടിയിരിക്കുന്നു എന്നു മാത്രമല്ല സീമാതീതമായ അധികാരങ്ങളും സാമ്പത്തീകാധീശത്വവും കൂടി ചുരുക്കം ചിലരുടെ കൈകളിൽ കേന്ദ്രീകരി

ച്ചിട്ടുണ്ടെന്നത് സുവ്യക്തമാണ്. ധനം കയ്യിലിരിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നതു മൂലം കടവായ്പകളെ നിയന്ത്രിക്കുകയും അതിന്റെ വിതരണത്തെപ്പറ്റി തീരുമാനമെടുക്കുകയും അങ്ങിനെ സാമ്പത്തിക ശരീരത്തിനാകെ ജീവരക്തം പ്രദാനം ചെയ്യുകയും ഉല്പാദനത്തിന്റെ ആത്മാവിനെത്തന്നെ കയ്യടുക്കുകയും ചെയ്തിരിക്കുന്നവരാണ് ഈ അധീശത്വം ഏറ്റവും ശക്തമായി പ്രയോഗിക്കുന്നത്. സ്വതന്ത്രമത്സരം തന്നെത്തന്നെ നശിപ്പിച്ചിരിക്കുന്നു. സാമ്പത്തികാധിപത്യം തുറന്ന കമ്പോളങ്ങളുടെ സ്ഥാനം കയ്യടക്കിയിരിക്കുന്നു. ലാഭമോഹത്തിന്റെ സ്ഥാനത്ത് അനിയന്ത്രിതമായ ആധിപത്യമോഹം കടന്നുവന്നിരിക്കുകയാണ്. സാമ്പത്തിക ഭരണരംഗമാകെ ഭയാനകമായ തോതിൽ കഠിനവും ക്രൂരവും നിർഭയവുമായിത്തീർന്നിരിക്കുന്നു. രാഷ്ട്രം ഇന്നു നീതിയെയും പൊതു നന്മയെയും ലക്ഷ്യം വച്ചു വിഭാഗീയ മത്സരങ്ങൾക്കതീതമായിരിക്കേണ്ടതിനു പകരം മനുഷ്യന്റെ അത്യാഗ്രഹത്തിനും മാനസീകാസക്തിക്കും സേവനം ചെയ്യാൻ കടപ്പെട്ട അടിമയായി മാറിയിരിക്കുകയാണ്". (105, 106 & 109)

ഭൗതീകസൗകര്യങ്ങളുടെ വളർച്ചയിൽ ലോകഭോഗസുഖങ്ങളുടെ പിന്നാലെയുള്ള പാച്ചിലിൽ അടിസ്ഥാന ജനവിഭാഗങ്ങൾ വിസ്മരിക്കപ്പെടുകയും നീതി നിഷേധിക്കപ്പെടുന്ന സാഹചര്യം ലോകമെങ്ങും പ്രബലമായി വരികയാണെന്നതാണ് അപകടകരം. "ഈ എളിയവരിൽ ഒരാൾക്ക് ചെയ്തത് എനിക്കു തന്നെയാണെന്ന" (മത്താ. 25:40) യേശു പ്രബോധനം സംഘടിതമായി വിസ്മരിക്കപ്പെടുകയാണിപ്പോൾ. ഇതിന്റെ ഫലമായി അടിസ്ഥാന തൊഴിലാളി വിഭാഗങ്ങൾക്ക് മനുഷ്യാവകാശങ്ങളും മനുഷ്യാന്തസ്സും, സാമൂഹിക നീതിയും നിഷേധിക്കപ്പെടുകയാണ്.

കഴിഞ്ഞ കുറച്ചു വർഷങ്ങളായി നമ്മുടെ മഹത്തായ രാഷ്ട്രം വികസന കുതിപ്പിലാണെന്ന കാര്യം പൗരന്മാരായ നാം എല്ലാവരെയും അഭിമാന പുളകിതരാക്കുന്ന സംഗതിയാണ്. വിവിധ പ്രതികൂല സാഹചര്യങ്ങൾ ഉണ്ടായിട്ടുകൂടി കഴിഞ്ഞ സാമ്പത്തിക വർഷത്തിലും ഒൻപതു (9%) ശതമാനത്തോളം





വളർച്ചാ നിരക്ക് നിലനിറുത്താൻ നമുക്കായിട്ടുണ്ടെന്നു കേന്ദ്ര സർക്കാർ പുറത്തിറക്കിയ സാമ്പത്തിക കണക്കുകൾ വ്യക്തമാക്കുന്നു. എന്നാൽ രാജ്യത്തെ എഴുപത് (70%) ശതമാനത്തിൽ പരം ജനങ്ങൾ ജീവസന്ധാരണം നടത്തുന്ന കാർഷീക മേഖലയിൽ 2.6% മാത്രമേ വളർച്ച നേടാനായുള്ളൂ. പരിശുദ്ധ പതിനൊന്നാം പീയൂസ് മാർപാപ്പ സൂചിപ്പിച്ചതു പോലെ രാജ്യത്തിൽ ഉല്പാദിപ്പിക്കപ്പെടുന്ന സമ്പത്ത് ചില പോക്കറ്റുകളിൽ മാത്രം ഒതുങ്ങുകയാണ്. വികസനത്തിന്റെ സദ്ഫലങ്ങൾ സാധാരണ ജനങ്ങളിലേക്കും അടിസ്ഥാന തൊഴിലാളികളിലേക്കും വിതരണം ചെയ്യപ്പെടുന്നില്ല. (കാർഷിക കടങ്ങൾ എഴുതിത്തള്ളാനുള്ള സർക്കാരിന്റെ തീരുമാനം സ്വാഗതാർഹമാണ്. ഇതോടൊപ്പം ക്രീയാത്മകമായ പദ്ധതികൾ കൂടി ആവിഷ്ക്കരിക്കേണ്ടിയിരിക്കുന്നു.)

ഇന്ത്യയിൽ 43 കോടിയോളം തൊഴിലാളികളുണ്ട്. ഇവരിൽ 93% ഉം അസംഘടിത തൊഴിലാളികളാണ്. അസംഘടിത മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികളെയും, സംഘടിത മേഖലയിൽ സാമൂഹിക സുരക്ഷാസംവിധാനങ്ങളില്ലാതെ തൊഴിലെടുക്കുന്നവരെയുമാണ് അസംഘടിത തൊഴിലാളികളുടെ വിഭാഗത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. സ്വാതന്ത്ര്യത്തിന്റെ ആറുപതിറ്റാണ്ടുകൾ കടന്നു പോയിട്ടും ഈ വിഭാഗം തൊഴിലാളികളുടെ ക്ഷേമത്തിനായി ഫലപ്രദമായ നടപടികൾ നാളിതുവരെ ഉണ്ടായിട്ടില്ലായെന്നതാണ് അത്ഭുതകരം. നമ്മുടെ രാജ്യത്തുള്ള തൊഴിൽ സംരക്ഷണ നിയമങ്ങളും, തൊഴിലാളി സുരക്ഷാ പദ്ധതികളും, ട്രേഡ് യൂണിയൻ പ്രവർത്തനങ്ങളും, പ്രധാനമായും കേന്ദ്രീകരിച്ചിരിക്കുന്നത് 7% വരുന്ന സംഘടിത തൊഴിലാളികൾക്കിടിയിലാണ്.

"തൊഴിലാളിയുടെ പ്രയത്നം കൊണ്ടുമാത്രമാണ് രാഷ്ട്രങ്ങൾ സമ്പന്നതയിലേക്ക് വളരുന്നത്. മാനവരാശിയുടെ വിപുലമായ സമ്പത്ത് മുഴുവൻ തൊഴിലാളികളുടെ കൈകൾകൊണ്ട് - കാര്യക്ഷമതയെ വിസ്മയകരമാംവിധം വർധിപ്പിക്കുന്ന ഉപകരണങ്ങളും, യന്ത്രങ്ങളും ഉപയോഗിച്ചാണെങ്കിലും അല്ലെങ്കിലും - സൃഷ്ടിക്കുന്നതാണെന്നും, അവയെല്ലാം തൊഴിലാളിയുടെ കയ്യിൽനിന്നും ഒഴുകുന്നതാണെന്നും സുവ്യക്തമല്ലേ" (പതിനൊന്നാം പീയൂസ് പാപ്പ, നാല്പതാം വർഷത്തിൽ 53).

കർഷകതൊഴിലാളികൾ. ചെറുകിട കർഷകർ, നിർമ്മാണ ത്തൊഴിലാളികൾ, മത്സ്യതൊഴിലാളികൾ, തോട്ടം തൊഴിലാളികൾ, കൂലിപ്പണിക്കാർ, പീടിക തൊഴിലാളികൾ, സ്വയം തൊഴിൽ സംരംഭകർ തുടങ്ങിയ അസംഘടിത മേഖലയിലെ തൊഴിലാളികൾ രാജ്യത്തിന്റെ മൊത്തം ആഭ്യന്തര ഉല്പാദനത്തിന്റെ 60% വിഹിതം സംഭാവന ചെയ്യുന്നുണ്ട്. ഇവരുടെ സാമൂഹിക സുരക്ഷയ്ക്കും ക്ഷേമപദ്ധതികൾക്കുമായി ദേശീയതലത്തിൽ തന്നെ സമഗ്രമായ പദ്ധതി ആവിഷ്ക്കരിച്ച് അർഹമായ വിഹിതം ഈ വിഭാഗത്തിന് നൽകേണ്ടിയിരിക്കുന്നു. പാർലമെന്റിൽ അവതരിപ്പിക്കുന്ന അസംഘടിത തൊഴിലാളികളുടെ സാമൂഹിക സുരക്ഷാ ബിൽ എത്രയും വേഗം നിയമമാക്കി കൂടുതൽ വിപുലമായ പദ്ധതികൾ കൂട്ടിച്ചേർത്തു നടപ്പിലാക്കേണ്ടതാണ്. "ഭാവിയിലെങ്കിലും സമ്പന്നരുടെ കയ്യിൽ ഉല്പന്നത്തിന്റെ ന്യായമായ പങ്കുമാത്രം ചെന്നുചേരാനും, സമൃദ്ധവും പര്യാപ്തവുമായ പങ്കു തൊഴിലാളികൾക്ക് കിട്ടാനും വേണ്ടി സർവ്വ ശ്രമവും ചെയ്യേണ്ടതാണ്." (ജോൺ ഇരുപത്തി മൂന്നാമൻ പാപ്പ, 'മാതാവും ഗുരുനാഥയും 77).

രാജ്യമെങ്ങും നടപ്പിലാക്കുന്ന പുതിയ വികസന നയത്തിന്റെ പ്രത്യാഘാതങ്ങളുടെ ഫലമായി കാർഷിക-കൈതൊഴിൽ മേഖലയിലെയും, മത്സ്യബന്ധന രംഗത്തെയും, തോട്ടം മേഖലയിലെയും, ഇതര പരമ്പരാഗത മേഖലകളിലെയും തൊഴിലാളികൾ വലിയ പ്രതിസന്ധിയിലൂടെ കടന്നു പോകുകയാണ്. പല സംഘടിത വ്യവസായങ്ങളെയും പുതിയ നയം പ്രതികൂലമായി ബാധിച്ചു കൊണ്ടിരിക്കുകയാണ്. ആഗോളീകരണത്തിന്റെ ഭാഗമായുള്ള അന്താരാഷ്ട്ര ഉടമ്പടികളുടെ ഫലമായി നമ്മുടെ അഭ്യന്തര കമ്പോളം വിദേശ രാഷ്ട്രങ്ങൾക്കും, അന്താരാഷ്ട്ര കുത്തകകൾക്കുതുറന്നു കൊടുക്കേണ്ടിവന്നിരിക്കുകയാണ്. വിവിധ കാർഷീക ഉല്പന്നങ്ങൾ, ഭക്ഷ്യ എണ്ണകൾ, തേയില പോലെയുള്ള കാർഷീക ഉല്പന്നങ്ങൾ, മത്സ്യം പോലെയുള്ള സമുദ്രോത്പന്നങ്ങൾ എന്നിവ ആഭ്യന്തര ഉല്പന്നങ്ങൾക്ക് പിടിച്ചു നില്ക്കാൻ പറ്റാത്തതും മൂലം ഇതുമായി ബന്ധപ്പെട്ട തൊഴിൽ മേഖലയും തൊഴിലാളികളും പ്രതിസന്ധിയിലാണ്.





പൊതുവിതരണം, പൊതുവിദ്യാഭ്യാസം, പൊതുജനാരോഗ്യ സംരക്ഷണം എന്നീ രംഗങ്ങളിൽനിന്നും സർക്കാർ സാവകാശം പിന്മാറിക്കൊണ്ടിരിക്കുകയാണ്. രോഗചികിത്സ, മക്കളുടെ വിവാഹം എന്നിവ സാധാരണ തൊഴിലാളികളെ കടക്കെണിയിലാക്കിയിരിക്കുകയാണ്. വിദ്യാഭ്യാസം ചെലവേറിയതായതുമൂലം മക്കൾക്ക് ആവശ്യമായ വിദ്യാഭ്യാസം നല്കാനാകാതെ തൊഴിലാളികൾ ബുദ്ധിമുട്ടുകയാണ്.

മൂലധനവും, മൂലധനശക്തികളും പ്രബലമായിരിക്കുകയാണ്. പുതിയ വികസന നയത്തിന്റെ ഫലമായി രൂപം കൊള്ളുന്ന പ്രത്യേക സാമ്പത്തീക മേഖലകളിൽനിന്നും അടിസ്ഥാന ജനവിഭാഗം കുടിയിറക്കപ്പെടുകയാണ്. വികസന പ്രവർത്തനങ്ങളുടെ ഭാഗമായി കുടിയിറക്കപ്പെടുന്നവർക്ക് ന്യായമായ നഷ്ടപരിഹാരമോ, പുനരധിവാസ സൗകര്യങ്ങളോ ലഭിക്കുന്നില്ലായെന്നതും ഖേദകരമാണ്. വികസനത്തിന്റെ ബലിയാടുകളായി ഇവർ മാറ്റപ്പെടുകയാണ്. മൂലധന ശക്തികളുടെ രൂപം കൊള്ളുന്നതും നമുക്കു കാണാതിരിക്കാനാവില്ല. തീര പരിപാലന നിയമത്തിൽ ടൂറിസ്റ്റ് ലോബികളെ സഹായിക്കാനായി വരുത്തുന്ന മാറ്റങ്ങൾ ഉദാഹരണമാണ്. ഫലത്തിൽ, ഇവ മത്സ്യതൊഴിലാളികൾക്കെതിരായി മാറുന്നു.

മനുഷ്യനേക്കാൾ പ്രാധാന്യം മൂലധനത്തിനും പുരോഗതിയ്ക്കും കൈവരുന്നത് ആശാസ്യമല്ല. "മൂലധനത്തെക്കാൾ മുൻഗണന മനുഷ്യാദ്ധ്വാനത്തിനാണെന്ന അവബോധം സുദൃഢമാക്കണം" (ജോൺ പോൾ രണ്ടമാൻ, തൊഴിൽ 12.3).

ആഗോളവൽക്കരണ പ്രക്രിയയുടെ ഭാവാത്മകാവകാശങ്ങളെ വേണ്ടവിധത്തിൽ മുതലാക്കാനുള്ള സംവിധാനം ഇന്ന് അടിസ്ഥാന തൊഴിലാളികൾക്ക് സാധിക്കാതെ വരുന്നു എന്നതും വസ്തുതയാണ്. ഇതിനായി സർക്കാർ തലത്തിൽ തന്നെ സമഗ്രമായ പദ്ധതികൾ ആവിഷ്ക്കരിക്കേണ്ടിയിരിക്കുന്നു. മനുഷ്യന് പ്രാധാന്യം കൊടുത്തുകൊണ്ടുള്ള വികസന പദ്ധതി രൂപപ്പെടുത്തേണ്ടിയിരിക്കുന്നു. പരമ്പാരാഗത തൊഴിൽ പാടവത്തെ സംരക്ഷിക്കാനും, അതിനെ വികസിപ്പിക്കാനും, മൂല്യവർദ്ധനവ്

വഴി അതിനെ ശക്തിപ്പെടുത്തുകയും ചെയ്യണം. ഇതിനായി എല്ലാ തൊഴിലാളികളും, തൊഴിലാളി സംഘടനകളും, മുന്നിട്ടിറങ്ങേണ്ടിയിരിക്കുന്നു.

ഭൗതീക ജീവിത നിലവാര സൂചിക (Physical Quality of Life Index) യിൽ കേരളത്തിന്റെ നില ഉയർന്നതാണെങ്കിലും, ദേശീയ അന്തർദ്ദേശീയ സാഹചര്യങ്ങൾ സൃഷ്ടിക്കുന്ന സമ്മർദ്ദം കേരളത്തിലെ തൊഴിൽ മേഖലയിലും പ്രതിസന്ധികൾ ഉണ്ടാക്കുന്നുണ്ട്. കേരളത്തിലെ 80% തൊഴിലാളികളാണ് അസംഘിടിത വിഭാഗത്തിൽ ഉൾപ്പെടുന്നത്. കേരളത്തിന്റെ സവിശേഷത സാമൂഹിക സാഹചര്യങ്ങളുടെ പശ്ചാത്തലത്തിൽ നിരവധി സാമൂഹിക ക്ഷേമപദ്ധതികൾ ഈ വിഭാഗത്തിനായി സംസ്ഥാപിക്കപ്പെട്ടിട്ടുണ്ടെന്നത് അഭിമാനകരമാണ്. പക്ഷേ പകുതിയോളം തൊഴിലാളികൾ മാത്രമേ ഇതിന്റെ ഗുണഭോക്താക്കളായിട്ടുള്ളതെന്നത് വിസ്മയകരമാണ്. ശക്തമായ രാഷ്ട്രീയാവബോധമുള്ള ട്രേഡ് യൂണിയനുകൾ ഈ കാര്യത്തിൽ അലംഭാവം പ്രകടിപ്പിക്കുന്നത് ഖേദകരമാണ്.

കേരളത്തിലെ മത്സ്യതൊഴിലാളികൾ, കർഷകതൊഴിലാളികൾ, തോട്ടം തൊഴിലാളികൾ, നിർമ്മാണ മേഖലയിലെ തൊഴിലാളികൾ, കയർ–കൈത്തറി–കശുവണ്ടി മേഖലയിലെ പരമ്പരാഗത തൊഴിലാളികൾ എന്നിവർ നിരവധി പ്രശ്നങ്ങൾ ദൈനംദിനം നേരിട്ടുകൊണ്ടിരിക്കുന്നുണ്ട്.

സമകാലികസാഹചര്യങ്ങൾ വളരെ സങ്കീർണ്ണവും, അന്ധകാര നിബിഢമായാലും തൊഴിലാളി സമൂഹം നിരാശരാകേണ്ട കാര്യമില്ല. തിരുസഭ എന്നും അടിസ്ഥാനതൊഴിലാളി വിഭാഗത്തോടൊപ്പമാണ്. ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിലേക്കുള്ള പ്രത്യാശയാണ് തൊഴിലാളി സമൂഹത്തിനായി സഭ പങ്കുവയ്ക്കുവാൻ ആഗ്രഹിക്കുന്നത്. "ഇക്കാലത്തെ മനുഷ്യരുടെ, വിശിഷ്യ പാവങ്ങളുടെയും പീഡിതരുടെയും സന്തോഷവും പ്രതീക്ഷകളും സങ്കടങ്ങളും ഉൽക്കണ്ഠകളുമെല്ലാം ക്രിസ്തുവിന്റെ അനുയായികളുടേത് കൂടിയാണ്. ഈ ദൗത്യം നിർവ്വഹിക്കാൻ കാലത്തിന്റെ അടയാളങ്ങൾ സൂക്ഷ്മ നിരീക്ഷണം





ചെയ്തു സുവിശേഷ വെളിച്ചത്തിൽ വ്യാഖ്യാനിക്കാൻ സഭ എല്ലായ്പ്പോഴും ബാദ്ധ്യസ്ഥയാണ്." (സഭ ആധുനീക ലോകത്തിൽ 1 & 4)

സമകാലിക പ്രതിസന്ധിയെ അതിജീവിക്കാൻ രണ്ടുതരത്തിലുള്ള പ്രവർത്തന ശൈലി തൊഴിലാളികൾ ആവിഷ്ക്കരിക്കേണ്ടിയിരിക്കുന്നു. "ദരിദ്രരുടെ മാനുഷീക കഴിവുകളിലും തത്ഫലമായി, അദ്ധ്വാനത്തിലൂടെ സ്വന്തം അവസ്ഥയെ മെച്ചപ്പെടുത്താൻ അല്ലെങ്കിൽ സാമ്പത്തീകമായ പുരോഗതിയ്ക്ക് ഭാവാത്മകമായ സംഭാവന നല്കാനുള്ള കഴിവിൽ വിശ്വാസം വളർത്തണം." (ജോൺ പോൾ രണ്ടാമൻ പാപ്പ, നൂറാം വർഷം 52.1) തൊഴിലാളികളുടെ അദ്ധ്വാനത്തിലാണ് ഈ ലോകം നിലനില്ക്കുന്നതെന്ന് അവർ മനസ്സിലാക്കണം. "ദൈവത്തിന്റെ പ്രതിച്ഛായയിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യൻ തന്റെ തൊഴിലിലൂടെ സ്രഷ്ടാവിന്റെ കർമ്മത്തിൽ പങ്കാളിയാകുകയാണ്." (ജോൺ പോൾ രണ്ടാമൻ പാപ്പ, തൊഴിൽ 25). തൊഴിലാളികളിൽ ആത്മവിശ്വാസം വളർത്തണം. തൊഴിലാളികൾ ചെറുസംഘങ്ങളായി മാറി ഒരുമിച്ച് വിഭവസമാഹരണം നടത്തണം. അദ്ധ്വാനിക്കാനുള്ള തങ്ങളുടെ കഴിവിനെ സംരക്ഷിച്ചു, പരിപോഷിപ്പിച്ചു മൂല്യവർദ്ധനവ് വരുത്തി ശാക്തീകരണത്തിനുള്ള ഉപകരണമാക്കി മാറ്റണം. ചെറുസംഘങ്ങൾ ഉല്പാദന യൂണിറ്റുകളായി മാറണം. രണ്ടാമതായി ചെറുസംഘങ്ങളുടെ നെറ്റുവർക്കുകൾ രൂപീകരിച്ച് ഭരണാധികാരികളെ സ്വാധീനിക്കാനുള്ള സമ്മർദ്ദശക്തിയായി മാറണം, പൊതുവിതരണം, പൊതുവിദ്യാഭ്യാസം, പൊതുജനാരോഗ്യം, സമൂഹിക സുരക്ഷാ പദ്ധതികൾ എന്നിവയ്ക്കായി അർഹമായ സർക്കാർ വിഹിതം ഉറപ്പാക്കാനായി നെറ്റുവർക്കുകൾ വഴി ശ്രമിക്കണം.

"ജോലി ചെയ്യുക, തൊഴിലിന്റെ പ്രയോഗത്തിലൂടെ തന്റെ കഴിവുകളെയും വ്യക്തിത്വത്തെയും വികസിപ്പിക്കാൻ അവസരം ലഭിക്കുക, തനിയ്ക്കും തന്റെ കുടുംബത്തിനും ഭൗതീകവും സാംസ്ക്കാരികവും ആദ്ധ്യാത്മീകവുമായ തലങ്ങളിൽ മാന്യമായി ജീവിക്കാൻ കഴിയും വിധത്തിലുള്ള ന്യായമായ കൂലി ലഭിക്കുക,

രോഗം, വാർദ്ധക്യം എന്നിവ മൂലമുണ്ടാകുന്ന ആവശ്യങ്ങളിൽ സഹായം ലഭിക്കുക എന്നീ അവകാശങ്ങൾ ഓരോ മനുഷ്യനു മുണ്ട്." (പോൾ ആറാമൻ പാപ്പ, എൺപതാം വർഷം 14).

"സാങ്കേതിക - ആദ്ധ്യാത്മീക ബൗദ്ധീക കാര്യങ്ങളുടെ അടിസ്ഥാനത്തിൽ മാത്രമല്ല തൊഴിലടിസ്ഥാനത്തിലും തൊഴിലാളി ഗ്രൂപ്പുകൾ സംഘടിപ്പിക്കപ്പെടണം. ബോധവല്ക്കരണം, നികുതി, കടവായ്പാ സൗകര്യങ്ങൾ, സാമൂഹിക സുരക്ഷിതത്വം, ഇൻഷുറൻസ് എന്നീ കാര്യങ്ങളിൽ രാഷ്ട്രം അവർക്കു വേണ്ട പ്രത്യേക സംവിധാനങ്ങൾ ഏർപ്പെടുത്തണം. കൈതൊഴിലാളികൾക്കും, സംഘങ്ങളിലെ അംഗങ്ങൾക്കും വേണ്ടി രാഷ്ട്രം നല്കുന്ന ആനുകൂല്യങ്ങൾക്ക് നീതീകരണമുണ്ട്... ഈ രണ്ടു വിഭാഗങ്ങളിലുംപെട്ട പൗരന്മാർ യഥാർത്ഥ സമ്പത്തിന്റെ ഉല്പാദകരും, യഥാർത്ഥത്തിൽ സംസ്ക്കാരത്തിന്റെ പുരോഗതിയ്ക്ക് സംഭാവന നല്കുന്നവരുമാണ്." (ജോൺ ഇരുപത്തിമൂന്നാമൻ പാപ്പ, മാതാവും ഗുരുനാഥയും 88, 89).

തൊഴിലാളികളോടുള്ള സഭയുടെ സവിശേഷമായ ശ്രദ്ധയുടെയും പരിഗണനയുടെയും കരുതലിന്റെയും ഭാഗമായിട്ടാണ് കെ.സി.ബി.സി. ലേബർ കമ്മീഷന്റെ കീഴിൽ കേരള ലേബർ മൂവ്മെന്റ് എന്ന തൊഴിലാളി പ്രസ്ഥാനം പ്രവർത്തിച്ചു വരുന്നത്. അസംഘടിതമേഖലയിലുള്ള തൊഴിലാളികളുടെ ക്ഷേമത്തിനും ശാക്തീകരണത്തിനുമായി പ്രത്യേകം ശ്രദ്ധ ചെലുത്തി പ്രവർത്തിച്ചു വരികയാണ് കെ.എൽ.എം.

കഴിഞ്ഞ വർഷങ്ങളിൽ തൊഴിലാളി രംഗങ്ങളിൽ കാര്യമാത്ര പ്രസക്തമായ ചില ഇടപെടലുകൾ നടത്തുവാൻ കെ.എൽ.എം.ന് കഴിഞ്ഞിട്ടുണ്ട്. പ്രത്യേകിച്ച് അടച്ചു പൂട്ടപ്പെട്ട തേയില ത്തോട്ടങ്ങളിലെ തൊഴിലാളികൾക്ക് വേണ്ടി ഫലപ്രദമായ ചില പ്രവർത്തനങ്ങൾ നടത്താൻ സാധിച്ചു.

തൊഴിലാളികളുടെ സ്വയംസഹായസംഘങ്ങൾ, തൊഴിലാളി ഫോറങ്ങൾ എന്നിവ വഴിയാണ് കെ.എൽ.എം. പ്രവർത്തിച്ചു വരുന്നത്. തൊഴിലാളികളുടെ സാമ്പത്തീക പുരോഗതിയ്ക്കൊപ്പം സാംസ്ക്കാരികവും, ആദ്ധ്യാത്മീകവും, ധാർമ്മീകവുമായ





വളർച്ചയ്ക്കു വേണ്ടിയും കെ.എൽ.എം.ന് ഫലപ്രദമായി പ്രവർത്തിക്കാൻ കഴിഞ്ഞിട്ടുണ്ട്.

എല്ലാ ഇടവകകളിലും കെ.എൽ.എം.ന്റെ യൂണിറ്റുകൾ ആരംഭിക്കേണ്ടിയിരിക്കുന്നു. തൊഴിലാളി പ്രവർത്തനം ഓരോ ഇടവകയുടെയും പ്രധാന പ്രവർത്തനങ്ങളിലൊന്നായി മാറേണ്ടി യിരിക്കുന്നു.

എല്ലാ തൊഴിലാളികളെയും സർക്കാരിന്റെ ക്ഷേമ പദ്ധതികളിൽ അംഗത്വമെടുപ്പിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. എല്ലാ തൊഴിലാളി കുടുംബങ്ങളേയും മെഡിക്ലെയിം പോളിസിയിൽ അംഗങ്ങളാക്കണം. ജനശ്രീ ബീമാ യോജന, ജീവൻ മധുർ തുടങ്ങിയ ഇൻഷുറൻ പോളിസിയിൽ തൊഴിലാളികളെ അംഗങ്ങളാക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. ചില രൂപതകളിൽ നടത്തുന്നതുപോലെ തൊഴിലാളികൾക്ക് വേണ്ടി പ്രത്യേകം ക്ഷേമ പദ്ധതികൾ രൂപപ്പെടുത്തുന്നത് ഉചിതമായിരിക്കും.

പരിശുദ്ധപിതാവ് ബെനഡിക്ട് പതിനാറാമൻ പാപ്പ ഉദ്ബോധിപ്പിക്കുന്നതു പ്രകാരം "സമൂഹത്തിന്റെയും രാഷ്ട്രത്തിന്റെയും നീതി പൂർവ്വകമായ ക്രമീകരണം രാഷ്ട്രതന്ത്രത്തിന്റെ ഉത്തരവാദിത്തമാണ്." (ദൈവം സ്നേഹമാണ് 28) തൊഴിലാളികൾക്ക് ലഭിക്കേണ്ട ന്യായമായ അവകാശങ്ങളും, ക്ഷേമപദ്ധതികളും ലഭ്യമാക്കാൻ വേണ്ട സമ്മർദ്ദ ശക്തിയായും പ്രവർത്തനം നടക്കേണ്ടതാണ്.

മെയ് ദിനത്തിന്റെ എല്ലാ ആശംസകളും ഒരിക്കൽകൂടി നേരുന്നു. തൊഴിലാളി മദ്ധ്യസ്ഥനായ വി. യൗസേപ്പിതാവിന്റെ പ്രത്യേക മാദ്ധ്യസ്ഥം പ്രാർത്ഥിക്കുന്നു.

**ബിഷപ്പ് ഡോ. ജോൺ തട്ടുങ്കൽ**
ചെയർമാൻ
കെ.സി.ബി.സി. ലേബർ കമ്മീഷൻ

വൈസ് ചെയർമാൻ : **ബിഷപ്പ് മാർ ജെയിംസ് പഴയാറ്റിൽ**
**ബിഷപ്പ് മാർ ജോസ് പൊരുന്നേടം**

# APPOINTMENTS

APPOINTMENT OF **REV. FR. ARTHUR ARACKAL** AS THE DIRECTOR OF THE DIOCESAN MEDIA OFFICE No. 33/A/2008

Whereas Mass Media and Social Communication is an important ministry. in the Church and special commissions are set up in national and state level to promote church's involvement in the filed of Mass Media,

Whereas the Kerala Region Latin Catholic Council has demanded establishment and functioning of a KRLCC Media Office in each of the Latin Catholic Dioceses in Kerala,

Knowing and trusting in the Lord of your soundness in the catholic doctrine, of your integrity of morals, of your zeal for souls and other virtues as well as the qualities of head and heart obtained in your person, I do hereby designate and appoint you, Rev. Fr. Arthur Arackal as the Director of the "Cochin Diocesan Media Office" with special responsibility of providing diocesan news and views to Jeevanaadam in consultation with the diocesan P.R.O., Rev Fr. Thamby Thaikoottathil and of expanding its readership in the diocese through subscription campaign and otherwise.

You shall take charge of the office with immediate effect, showing this appointment order to Very Rev. Fr. Thomas Chambakkatt, who has been hitherto in charge of this office.

Trusting in the Lord that you shall fulfill your duties and responsibilities for the glory of God and for the salvation of people,

Given at the Bishop's House, Fort Cochin, with my signature and seal on March 25, 2008.

**+ John Thattumkal**
Bishop of Cochin





THE APPOINTMENT OF
**VERY REV. FR. THAMBY THAIKKOTTATHIL**
AS BOARD MEMBER AND ASSISTANT DIRECTOR OF THE VASCO DA GAMA RESEARCH INSTITUTE OF COCHIN 34/A/200B

*Whereas the Trust Deed of*

THE VASCO DA GAMA RESEARCH INSTITUTE OF COCHIN Ton:.sees that Chancellor of the Diocese of Cochin is an ex-ufficio member of the Board of the Trust,

I appoint hereby Very Rev. Fr. Thamby Thaikoottathil, the Diocesan Chancellor, as the Board Member and as its Assistant Director.

Given at the Bishop's House, Fort Cochin; with my signature and seal on March 25, 2008

**+ John Thattumkal**
Bishop of Cochin

# ST. JOHN'S NATIONAL ACADEMY OF HEALTH SCIENCES

To,

The Members of the CATHOLIC BISHOPS' CONFERENCE OF INDIA

Your Excellency,

***Greetings from St. John's National Academy of Health Sciences, Bangalore!***

I am sending to you a copy of the schedule of the various admissions procedure for the "ear 2008··2009 for your information and record. A copy of the Prospectus of MBBS is also enclosed.

When persons known to you personally approach you for recommendation letters for admission to these courses, may I suggest that you ask them to put your name as one of the two referees in the application form, if you so wish. We shall then contact you for information if required. Please do not give recommendation letters. as that will, as you are aware, not only go against the principle of merit. so sacred to us. but may possibly be used against the interest of the Institution.

In this connection, you may also point out to the persons concerned, the rule laid down by this Institution as it appears on page 29 of the MBBS Prospectus 2008-2009, which reads:

"Canvassing: in any form including: recommendation letters and offering: donations will disqualify a candidate from admission". The decisions of the Courts during the past permitting us to conduct our own entrance test and placing us on a "different footing" among the medical colleges of India, were based on our strict adherence to merit based admissions.

If no one from your diocese got admission for MBBS during: the last FIVE years at St. John's. please send me a note regarding: it. In this case. the best candidate from your diocese will receive a weightage of 5 marks at interview-call level and 5 marks at the final selection level.

Thanking you for your constant support and blessing, with personal regards and in union of prayers,

Yours devotedly in our Lord,

**Dr. Thomas Kalam, cmi**

Director





# പി.ഒ.സി.യിൽ ദൈവശാസ്ത്രകോഴ്സ് 2008 – 2009

**പാ**ലാരിവട്ടം പി.ഒ.സി.യിൽ 2008-2009 അധ്യയന വർഷത്തെ 'ഏകവർഷ ദൈവശാസ്ത്ര റസിഡൻഷ്യൽ ഡിപ്ലോമ കോഴ്സ് 2008 ജൂൺ 15-ന് ആരംഭിച്ച് 2009 മാർച്ച് 15-ന് അവസാനിക്കുന്നതാണ്. ദൈവശാസ്ത്രം, ബൈബിൾ, ആധ്യാത്മികത, മതബോധനം, മാധ്യമപരിശീലനം, സംഘടനാ പ്രവർത്തനം, നേതൃത്വകല, വ്യക്തിത്വ വികാസം എന്നിവ മുഖ്യവിഷയങ്ങളാക്കി നടത്തുന്ന ഈ കോഴ്സിൽ ഓരോ വിഷയത്തിലും പ്രാവീണ്യം നേടിയിട്ടുള്ളവർ ക്ലാസുകൾ നയിക്കുന്നു. സമഗ്രമായ പരിശീലനമാണ് ഈ കോഴ്സിന്റെ ലക്ഷ്യം. കോഴ്സ് പൂർത്തിയാക്കുന്നവർക്ക് ആലുവ പൊന്തിഫിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെയും കാലിക്കറ്റ് സർവകലാശാലയുടെയും ഡിപ്ലോമ ലഭിക്കുന്നു.

കൂടാതെ, യോഗ്യരായ യുവതീയുവാക്കൾക്ക് ബേസിക് കമ്പ്യൂട്ടർ സ്കിൽസ് ആന്റ് കമ്യൂണിക്കേറ്റീവ് ഇംഗ്ലീഷിനും പരിശീലനം നൽകുന്നു. യഥാക്രമം കേന്ദ്രഗവൺമെന്റിന്റെ എൻ.സി.വി.ടി. സർട്ടിഫിക്കറ്റും നൈപുണ്യ ഇന്റർനാഷണലിന്റെ സർട്ടിഫിക്കറ്റും നൽകപ്പെടുന്നു.

17-നും 35നും മധ്യേ പ്രായമുള്ളവരും പ്ലസ്ടു വിദ്യാഭ്യാസം എങ്കിലും പൂർത്തിയാക്കിയവരുമായ എല്ലാവർക്കും അപേക്ഷിക്കാവുന്നതാണ്. അർഹരായ അല്മായർക്ക് ഫീസിൽ സമ്പൂർണ്ണമായ ഇളവും സന്യസ്തർക്കു ഭാഗികമായ ഇളവും ലഭിക്കുന്നതാണ്. പൂരിപ്പിച്ച അപേക്ഷാഫോറം 2008 ഏപ്രിൽ 30-നു മുമ്പ് ഓഫീസിൽ ലഭിച്ചിരിക്കണം. അപേക്ഷാഫോറത്തിനും വിശദവിവരങ്ങൾക്കും ബന്ധപ്പെടുക: പ്രിഫെക്ട് ഓഫ് സ്റ്റഡീസ്/ ഡയറക്ടർ, പി.ഒ.സി. പി.ബി. നമ്പർ-2251, പാലാരിവട്ടം, കൊച്ചി-682 025, ഫോൺ: 0484 2805722, 2805815, E-mail: kcbckochi@gmail.com.

സ്നേഹപൂർവ്വം,

**റവ. ഡോ. സ്റ്റീഫൻ ആലത്തറ**
ഡയറക്ടർ, പി.ഒ.സി.

**റവ. ഡോ. മരിയാൻ അറക്കൽ**
പ്രിഫെക്ട് ഓഫ് സ്റ്റഡീസ്, പി.റ്റി.ഐ

# സെമിനാരി ഫണ്ട്

പ്രിയമുള്ളവരെ,

ദൈവവിളിദിനം പ്രമാണിച്ച് അഭിവന്ദ്യ ജോൺ തട്ടുങ്കൽ പിതാവ് പുറപ്പെടുവിച്ച സർക്കുലറിൽ ഒരു സെമിനാരി ഫണ്ട് രൂപീകരണമെന്ന നിർദ്ദേശം വച്ചിരുന്നു. അഭിവന്ദ്യ പിതാവിന്റെ ഈ നിർദ്ദേശത്തെ ഏറെ സന്തോഷത്തോടും കൃതജ്ഞതയോടും കൂടെ ഓർക്കുന്നു. രൂപതാ മൈനർ സെമിനാരിയിൽ 60 വിദ്യാർത്ഥികളും, ഇന്ത്യയിലെ വിവിധ മേജർ സെമിനാരികളിലായി 26 പേരും (ആലുവ, പൂന, ബാംഗ്ലൂർ) പരിശീലനം നടത്തി വരുന്നു. കൂടാതെ 7 പേർ വിദേശത്തെ വിവിധ സെമിനാരികളിലും പരിശീലനം നടത്തുന്നു. വളരെ ഭാരിച്ച സാമ്പത്തിക ബാദ്ധ്യതയാണ് സെമിനാരിക്കാരുടെ പരിശീലനത്തിന് ഉള്ളത്. ആയതിലേക്ക് ഏവരുടെയും സഹായ സഹകരണങ്ങൾ പ്രതീക്ഷിക്കുന്നതോടൊപ്പം, കഴിഞ്ഞ അഞ്ചു വർഷങ്ങളിലായി വിവിധ വ്യക്തികളിൽനിന്നും സ്ഥാപനങ്ങളിൽനിന്നും സെമിനാരിക്ക് ലഭിച്ചിട്ടുള്ള സംഭാവനകൾക്ക് നന്ദി പറയുന്നതോടൊപ്പം നാളിതുവരെ സ്വീകരിച്ചിട്ടുള്ള സംഭാവനകളുടെ വിവരം താഴെ ചേർക്കുന്നു.

| Year | Name | Parish | Amount |
|---|---|---|---|
| 2003 | Rev. Fr. Johnson Chirammel | | 6,000.00 |
| | Rev. Fr. Andrews Kattiparambil | | 1,000.00 |
| | Rev. Fr. Dominic Aluvaparambil | | 1,000.00 |
| | Rev. Fr. Jolly Arackaparambil | | 500.00 |
| | Mrs. Enit D' Cruz (Late) | Basilica, Fortkochi | 6,000.00 |
| | | | 14,500.00 |
| 2004 | Mr. Alexander Contractor | Chullickal | 3,000.00 |
| | Mrs. Regina Louise Thaikoottathil | Kattiparambu | 1,000.00 |
| | Mr. Michael Fernandez | | 3,500.00 |
| | Mrs. Treesa Antony | Basilica, Frotkochi | 1,000.00 |



Light of Cochin

| | | | |
|---|---|---|---|
| | One Well Wisher | | 1,500.00 |
| | Sr. Agne's Pandikudy - Mother Elixabeth | Chirackal | 3,000.00 |
| | From Different Persons for DVD | | 4,000.00 |
| | Mr. Sebastian Kurisinkal | Amaravathy | 12,000.00 |
| | | | 29,000.00 |
| 2005 | Mr. N.L. Joseph Nellicjappally | St. Thomas More Palluruthy | 4,000.00 |
| | Sr. Agnes Pandikudy - Mother Elizabeth | Chirackal | 5,000.00 |
| | Mrs.Enit D' Cruz (Late) | Basilica, Fortkochi | 2,000.00 |
| | Rev. Fr. Franko D' Nazareth | | 10,000.00 |
| | Mr. Michael Fernandez | | 2,000.00 |
| | Mrs. Mary Manuel Puthussery | Mundamveli | 2,000.00 |
| | Mr. P.P. William | Nazareth | 2,000.00 |
| | One Well Wisher Edacochin | St. Mary's | 500.00 |
| | Mr. John T. Contractor | Amaravathy | 250.00 |
| | Mr. Fernandez | Edacochin | 1,000.00 |
| | Mr. Frazen Antony | Thoppumpady | 6,000.00 |
| | Mrs. Nathaniya | Edacochin South | 500.00 |
| | Mr. Slanly Thoppil | Nazareth | 1,000.00 |
| | St. Sebastian's Parish | Chellanam | 3,000.00 |
| | Mr. Sebastian Kurisinkal | Amaravathy | 13,200.00 |
| | | | 52,450.00 |
| 2006 | Rev. Fr. Franko D' Nazareth | | 20,000.00 |
| | Mr. P.P. William Pandikudy | Nazareth | 1,000.00 |
| | Mr. Joseph Nellickappally | St. Thomas More Palluruthy | 4,000.00 |
| | Sr. Agne's - Pandikudy - Mother Elizabeth | Chirackal | 5,000.00 |
| | Mrs. Mary Manuel Puthussery | Mundamveli | 2,000.00 |
| | Mr. Steeve Fernandez | S. Edacochin | 1,000.00 |

| | | | |
|---|---|---|---|
| | Mrs. Mary Margeret | | 1,000.00 |
| | Mr. Antony D' Cruz | Thoppumpady | 6,000.00 |
| | Mr. Sebastian Kurizinkal | Amaravathy | 18,000.00 |
| | | | 58,000.00 |
| 2007 | Rev. Fr. Franko D' Nazareth | | 10,000.00 |
| | Sr. Agne's Pandikudy<br>Mother Elizabeth | Chirackal | 15,000.00 |
| | Mr. William | Nazareth | 400.00 |
| | Mr. Xavier Morris | Amaravathy | 750.00 |
| | Mr. K.C. Jerome | Basilical, Fortkochi | 1,000.00 |
| | Adv. Josey Xavier | Thoppumpady | 1,000.00 |
| | Mrs. Elsy Jacob Njaliparambu | Basilica, Fortkochi | 2,500.00 |
| | Mr. Sebastian Kurisinkal | Amaravathy | 34,000.00 |
| | | | 64,650.00 |
| 2008 | Mr. Mathew Puthenpurackal | Chirackal | 3,000.00 |
| | Rev. Fr. Franko D' Nazareth | | 8,747.00 |
| | Sr. Agne's - Pandikudy -<br>Mother Elizabeth | Chirackal | 10,000.00 |
| | Mrs. Elsy Jacob Njaliparambu | Basilica, Fortkochi | 1,500.00 |
| | Mr. Sebastian Kurisinkal | Amaravathy | 8,000.00 |
| | Mr. Steeve Fernandez | S. Edacochin | 1,000.00 |
| | | | 32,247.00 |





# രൂപതാ വാർത്തകൾ

## വൈദിക വസ്ത്രം സ്വീകരിച്ചു

കുമ്പളം സെന്റ് സേവ്യേഴ്സ് സ്റ്റഡി ഹൗസിൽ വച്ച് നമ്മുടെ രൂപതാംഗങ്ങളായ രണ്ടുപേർ ദൈവശാസ്ത്രപഠനത്തിന് ഒരുക്കമായി ഈ മാസം 16-ാം തീയതി ബുധനാഴ്ച അഭിവന്ദ്യ ഡോ. ജോൺ തട്ടുങ്കൽ പിതാവിൽ നിന്നും വൈദിക വസ്ത്രം സ്വീകരിച്ചു. കല്ലഞ്ചേരി സെന്റ് മാർട്ടിൻ ഡി. പോറസ് ഇടവക ബാവക്കാട്ട് അനീഷ് ആന്റണി, തങ്കി സെന്റ് മേരീസ് ഇടവക എത്തോതറ ജെറിൻ ജോർജ് എന്നിവരാണ് വൈദികവസ്ത്രം സ്വീകരിച്ചത്. 2007 മാർച്ചിൽ ആലുവ സെന്റ് ജോസഫ് പൊന്തിഫിക്കൽ സെമിനാരിയിൽ തത്വശാസ്ത്രപഠനം പൂർത്തിയാക്കിയ ഇവർ, കുമ്പളം സെന്റ് സേവ്യേഴ്സ് സ്റ്റഡി ഹൗസ്, മൗണ്ട് കാർമ്മൽ പെറ്റിറ്റ് സെമിനാരി, ഫോർട്ടുകൊച്ചി എന്നിവിടങ്ങളിൽ കഴിഞ്ഞ ഒരു വർഷം റീജെൻസി ചെയ്യുകയുണ്ടായി. ദൈവശാസ്ത്ര പഠനത്തിന്റെ പ്രാരംഭമായിട്ടാണ് ഇവർ വൈദികവസ്ത്രം സ്വീകരിക്കുന്നത്. ഇതോടനുബന്ധിച്ച് കുമ്പളം സെന്റ് സേവ്യേഴ്സ് സ്റ്റഡി ഹോം ചാപ്പലിൽ നടന്ന ദിവ്യബലിയിൽ അഭിവന്ദ്യ പിതാവ് പ്രധാന കാർമ്മികത്വം വഹിക്കുകയും രൂപതയിലെ വൈദികരും സന്ന്യാസിനികളും പങ്കെടുക്കുകയും ചെയ്തു.

## ദൈവവിളി ക്യാമ്പ് സമാപിച്ചു

ഈ വർഷത്തെ ദൈവവിളിക്യാമ്പ് കുമ്പളം സെന്റ് സേവ്യേഴ്സ് സ്റ്റഡി ഹൗസിൽ വച്ച് ഏപ്രിൽ മാസം 6 മുതൽ 9 വരെയുള്ള തീയതികളിലായി നടത്തപ്പെട്ടു. ഏപ്രിൽ 6-ാം തീയതി വൈകുന്നേരം 6 മണിക്ക് പള്ളുരുത്തി ഫൊറോന വികാരി വെരി. റവ. ഫാ. ജോപ്പി കൂട്ടുങ്കൽ ഉദ്ഘാടനം ചെയ്ത ക്യാമ്പിൽ രൂപതയിലെ വിവിധ ഇടവകകളിൽ നിന്നായി 28 യുവാക്കന്മാർ പങ്കെടുത്തു. റവ. ഫാ. സിബിച്ചൻ ചെറുതിയിൽ,

റവ. ഫാ. സെബാസ്റ്റിൻ ഇരയങ്കലത്ത്, റവ. ഫാ. ആന്റണി കുഴിവേലി, റവ. ഫാ. എഡ്വിൻ വലിയപറമ്പിൽ, റവ. ഫാ. ഷൈജു പര്യാത്തുശേരി, റവ. ഫാ. ജോൺസൺ തൗണ്ടയിൽ എന്നിവർ വിവിധ വിഷയങ്ങളെ ആസ്പദമാക്കി ക്ലാസുകൾ എടുത്തു. അഭിവന്ദ്യ ജോൺ തട്ടുങ്കൽ പിതാവ് 8-ാം തീയതി ക്യാമ്പ് സന്ദർശിച്ച് ദിവ്യബലിയർപ്പിക്കുകയും, അവരുമായി സംസാരിക്കുകയും ഭക്ഷണം കഴിക്കുകയും ചെയ്തു. സമാപന ദിവസമായ 9-ാം തീയതി നടത്തപ്പെട്ട സമാപന സമ്മേളനത്തിൽ, വിവിധ മത്സരങ്ങളിൽ വിജയികളായവർക്ക് സമ്മാനങ്ങൾ നൽകപ്പെട്ടു. ബ്രദർ പ്രതീഷ് ആന്റണി ചുള്ളിക്കൽ, ബ്രദർ സെബാസ്റ്റിൻ പനച്ചിക്കൽ, ബ്രദർ ജിബിൻ കരീമ്പുറത്ത് എന്നിവരുടെ പ്രവർത്തനങ്ങൾ ക്യാമ്പിന്റെ വിജയത്തിന് ഏറെ സഹായിച്ചു.

## "ജീവനാദം" മാർക്കറ്റിംഗ്

കൊച്ചി രൂപതാ വൈദിക വിദ്യാർത്ഥികളുടെയും മീഡിയ ഡയറക്ടറായ റവ. ഫാ. ആർതർ അറക്കലിന്റെയും നേതൃത്വത്തിൽ ഓരോ ഇടവകകളെയും ബ്ലോക്ക് തിരിച്ച് ജീവനാദം വരിക്കാരാക്കുവാനുള്ള ഫീൽഡ്‌വർക്ക് ചെറിയകടവ് സെന്റ് ജോസഫ്സ് ചാപ്പലിൽ നിന്നും ആരംഭിച്ചു. ഓരോ ഇടവകകളിലെ കുടുംബങ്ങളെയും സെമിനാരി വിദ്യാർത്ഥികൾ സന്ദർശിക്കുന്നതാണെന്ന് റവ. ഫാ. ആർതർ അറക്കലും റവ. ഫാ. ടോമി പനക്കലും അറിയിച്ചു. എല്ലാവരും സഹകരിക്കണമെന്ന് അഭ്യർത്ഥിച്ചു.

## അറിയിപ്പ്

വർഷംതോറുമുള്ള സ്റ്റാറ്റിസ്റ്റിക്സ് റോമിലേക്ക് അയച്ചുകൊടുക്കേണ്ടതിന്റെ ഭാഗമായ ചോദ്യോത്തര പേപ്പർ ഇടവകകളിൽ നിന്നും ആശ്രമങ്ങളിൽ നിന്നും മഠങ്ങളിൽ നിന്നും രൂപതാകൂരിയായിൽ ഏൽപ്പിക്കാത്തവർ ഉടനെ എത്തിക്കേണ്ടതാണ് എന്ന് രൂപതാ ചാൻസലർ അറിയിക്കുന്നു. ✿



Light of Cochin

# FROM THE BISHOP'S DIARY

## APRIL 2008

| Date | Time | Purpose |
|---|---|---|
| 4th Fri | 12 noon | Don Roberto Federigli from Pisa came |
| 9th Wed | 08.30 a.m.<br>06.00 p.m. | Fatima BIM<br>Inauguration of Assumption Academy at Poomkavu |
| 10th Thu | 10.30 a.m. | Ashley - Fr. Kumathoor |
| 11th Fri | 04.30 p.m. | Funeral of Fr. Peter's brother at Aroor<br>Visited & blessed the body of the Father of Fr. Josy Kandanattuthara |
| 13th Sun | 03.30 p.m.<br>05.30 p.m. | Send off to Fr. Sebastian Puthenpurakal<br>KLM Executive Meet at BH. |
| 15th Tue | 03.00 p.m.<br>05.00 p.m. | ETP (New) Students with Parents Meet at BH. + Core Group<br>Fr. Pius Pazherikal's book releasing at Thoppumpady |
| 16th Wed | 10.00 a.m. | Mass - Funeral of Mother Caterina from St. Mary's Convent, Fort Cochin |
| 18th Fri | 05.00 p.m.<br>08.00 p.m. | DPC - Executive Meeting<br>Inauguration of KLCA Leaders Camp (Dalfin) at APC - Class to Leaders |
| 19th Sat | 09.00 a.m.<br>03.00 p.m.<br>06.30 p.m. | Blessing of the House of Antony<br>Inauguration of Shenoi Gallery at near Town Hall Mattancherry<br>Mass - Renewal of Vows - Cottolengo Convent |
| 21st Mon | 03.00 p.m.<br>07.00 p.m. | Pilgrim Group Gathering at APC<br>KCSL State Camp - Inauguration at APC |
| 22nd Tue | 04.00 p.m.<br>06.30 p.m. | Finance Committee at B.H.<br>Core Group |
| 23rd Wed | 10.30 a.m.<br>06.00 p.m. | National Seminar on Education in Avila College<br>Ecumenical Meeting at Palluruthy |
| 24th Thu | 03.00 p.m. | Send off to Fr. Jolly and Fr. Jojy |



# പിന്നാമ്പുറം

# അദ്ധ്വാനത്തിന്റെ തിരുഹിതം

റവ. ഫാ. ജോൺസൺ തൗണ്ടയിൽ

**ക**ഠിനാധ്വാനമോ വയലിലെ വേലിയോ വെറുക്കരുത്; അത്യുന്നതൻ നിശ്ചയിച്ചതാണത് (പ്രഭാ. 7, 15). ഒരു സംസ്ക്കാരത്തിന്റെ ശൈലിയും ഭാവവും ഉൾച്ചേരുന്ന ചിന്തയാണിത്. സർവ്വവും മനുഷ്യനായി ക്രമപ്പെടുത്തിയ ദൈവം മനുഷ്യനെ കൈയേൽപ്പിച്ച ദൗത്യമാണ് അദ്ധ്വാനിക്കുക എന്നത് ഉൾക്കൊള്ളുക തീർത്തും സുന്ദരമായ സങ്കല്പമാണ്. ഉൽപ്പത്തിയുടെ പുസ്തകത്തിന്റെ അവതരണ ശൈലിയിൽ അദ്ധ്വാനത്തിന് ഒരു ശാപത്തിന്റെ നിഴലുള്ളതായി തോന്നാറുണ്ട്. അനുസരണക്കേടുമൂലം വിലക്കപ്പെട്ട കനി ഭക്ഷിച്ചതിനു പിന്നാലെയാണ് ആയുഷ്ക്കാലം മുഴുവൻ കഠിനാധ്വാനം ചെയ്യുവാനായി മനുഷ്യനെ നിയോഗിക്കുന്നത്. ഉൽപ്പത്തിയുടെ ആദ്യ അദ്ധ്യായങ്ങളിൽ പ്രത്യേകിച്ച് ശിക്ഷയും വാഗ്ദാനവും എന്ന ഭാഗത്ത് ജീവിതത്തിൽ മനുഷ്യൻ വേദനയെന്നും പ്രതിസന്ധിയെന്നും പറയുന്ന എല്ലാക്കാര്യങ്ങളിലും ഉത്തരവാദിത്വം നമുക്കു തന്നെയാണെന്നു പഠിപ്പിക്കുവാനാണ് ഗ്രന്ഥകർത്താവ് പരിശ്രമിക്കുന്നത്. വേദനയോടെ കുഞ്ഞിനെ പ്രസവിക്കുമെന്ന് സ്ത്രീയോടു പറയുന്ന ബൈബിൾ തന്നെ തുടർന്നു വായിക്കുന്നിടത്ത് മക്കൾ ദൈവാനുഗ്രഹമായി അവതരിപ്പിക്കുന്നിന്റെ പിന്നിലെ സത്യവും ഇതു തന്നെയാണ്. മണ്ണിനോടു മല്ലടിക്കുവാൻ (ഉൽ. 3, 23) മനുഷ്യനെ പറഞ്ഞയയ്ക്കുമ്പോൾ സൃഷ്ടികർമ്മത്തിൽ ദൈവം അവനോടാവശ്യപ്പെട്ട ഭൂമിയെ കീഴടക്കുവിൻ, എല്ലാത്തിനും മേൽ ആധിപത്യം സ്ഥാപിക്കുവിൻ (ഉൽ. 1, 28) എന്ന ആശംസയുടെ തുടർച്ചയായിട്ടു മാത്രമേ നമുക്കിതിനെ വീക്ഷിക്കാനാവൂ. ദൈവ പദ്ധതിയുടെ ഒരു പ്രധാന സന്ദേശമായി അദ്ധ്വാനത്തെ കാണണം. പതനത്തിനു മുമ്പു തന്നെ അദ്ധ്വാനം വഴി പ്രപഞ്ചവസ്തുക്കളുടെ മേൽ അധികാരം സ്ഥാപിക്കാൻ ദൈവം മനുഷ്യനോടു ആവശ്യപ്പെടുന്നുമുണ്ട്.



Light of Cochin

മനുഷ്യനെ കളിമണ്ണു കുഴച്ചു രൂപം തീർക്കുന്ന ദൈവത്തിന്റെ പ്രവൃത്തി തന്നെയാണ് മനുഷ്യപ്രയത്നങ്ങൾക്ക് മാതൃകയായി നിലകൊള്ളുന്നത്. ദൈവത്തിന്റെ പ്രവൃത്തി ദിവസങ്ങളും വിശ്രമവും വലിയ നിയമമായി യഹൂദജനത കാത്തുപാലിച്ചു. സാബത്തു നിയമത്തിന്റെ അടിസ്ഥാനം സൃഷ്ടികർമ്മം പൂർത്തിയാക്കി ഏഴാം ദിവസം വിശ്രമിച്ചു എന്നതാണ്. തന്റെ സ്വന്തമായിത്തീർന്ന ജനപഥത്തിന് ഒരു പുതിയ കൽപ്പന നൽകുമ്പോൾ ദൈവം വ്യക്തമായി പറയുന്നു ആറുദിവസം അദ്ധ്വാനിക്കുക, എല്ലാവിധ ജോലിയും ചെയ്യുക (പുറ. 20, 9). പവിത്രമായ സാബത്താചരണത്തോടു ചേർന്നുതന്നെ ദൈവ ശുശ്രൂഷയായി അദ്ധ്വാനത്തെയും മനസ്സിലാക്കേണ്ടിയിരിക്കുന്നു. സാബത്തിന് അതിരുകടന്ന പ്രാധാന്യവും വ്യാഖ്യാനവും ഉണ്ടായപ്പോൾ അദ്ധ്വാനത്തിനു കൽപ്പനയിൽ നൽകപ്പെട്ടിരുന്ന പ്രാധാന്യം നഷ്ടമായി എന്നതാണു സത്യം. സൃഷ്ടികർമ്മത്തിന് ഒരു വളർച്ചയും സൗന്ദര്യവുമുണ്ട്. ഈ താളലയങ്ങൾ ഉൾക്കൊള്ളുമ്പോൾ മാത്രമേ അദ്ധ്വാനം ദൈവഹിതമാവുകയുള്ളൂ. ദൈവത്തിന്റെ വിരലുകൾ വാർത്തെടുത്ത ചന്ദ്രതാരങ്ങളുടെ (സങ്കീ. 8, 3) സൗന്ദര്യം ആസ്വദിക്കുന്ന സങ്കീർത്തകൻ അദ്ധ്വാനത്തിന്റെ ലക്ഷ്യം കൂടി വെളിവാക്കുന്നുണ്ട്. സൃഷ്ടികർമ്മത്തിനൊടുവിൽ എല്ലാം നന്നായിരിക്കുന്നു എന്നു വിലയിരുത്തുന്ന ദൈവം ഈ നല്ലവയെയാണ് കൂടുതൽ നന്നാക്കുവാൻ മനുഷ്യനെ ഭരമേൽപ്പിച്ചത്.

അദ്ധ്വാനിക്കുക എന്നത് ഒരു നിയമ സംഹിതയിലോ കടമ മാത്രമായോ ഒതുങ്ങുന്ന ഒന്നായിരുന്നില്ല. എങ്ങനെ ജോലി ചെയ്യണമെന്നത് ദൈവം മനുഷ്യനു നൽകിയ ജന്മവാസനയായിട്ടാണ് വചനം മനസ്സിലാക്കുന്നത്. കർഷകൻ ക്രമമായി നിലം ഒരുക്കുകയും വിത്തിറക്കുകയും ചെയ്യുന്നത് ദൈവം അവന് ശരിയായ അറിവു നൽകിയതുകൊണ്ടും, അവനെ അഭ്യസിപ്പിച്ചതുകൊണ്ടുമാണെന്ന് (ഏശ. 28, 26) വി. ഗ്രന്ഥം പറയുന്നുണ്ട്. അതിനാൽ അദ്ധ്വാനിക്കുവാൻ വിമുഖ കാണിക്കുന്നവൻ ദൈവ നിയോഗത്തെ തന്നെ നിക്ഷേധിക്കുന്നതായാണ് മനസ്സിലാക്കിയത്. അലസന്റെ ആഗ്രഹങ്ങൾ അവനെ കൊന്നു കളയുന്നു; എന്തെന്നാൽ അവന്റെ കരങ്ങൾ അദ്ധ്വാനിക്കുവാൻ വിസമ്മതിക്കുന്നു (സുഭാ. 21, 25). അദ്ധ്വാനിക്കുവാൻ തയ്യാറല്ലാത്തവന് മോഹിക്കുവാനും ജീവിക്കുവാനും അവകാശമില്ലെന്നു തന്നെ സൂചന. കലാപരമായി ഔന്നത്യം അവകാശപ്പെടുന്ന സോളമന്റെ കൊട്ടാരത്തെയും ദേവാലയത്തെയും പ്രശംസിക്കുമ്പോൾ അതിനു പിന്നിലെ അദ്ധ്വാനത്തെയാണ് വിലമതിക്കുന്നത്. ഓരോരുത്തരും താന്താങ്ങളുടെ തൊഴിലിൽ സമർത്ഥരാണ്. അവരെ കൂടാതെ നഗരം പണിയാനാവില്ല (പ്രഭാ. 38, 32). മനുഷ്യൻ അവന്റെ കർമ്മ